# കമ്യൂണിസം കാപിറ്റലിസത്തിലേക്ക്?

**പശ്ചിമബംഗാൾ** മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യ, വ്യവസായ വൽക്കരണത്തിന് സോഷ്യലിസം പര്യാപ്തമല്ലെന്നും മുതലാളിത്തമാണ് അതിനുപകരിക്കുകയെന്നും പരസ്യമായി പറഞ്ഞത് ഇടതുമുന്നണി ഘടകകക്ഷികളെ അലോസരപ്പെടുത്തുകയും വലതുപക്ഷ കക്ഷികളെ അത്ഭുതപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ബുദ്ധദേവിനെ പിന്തുണച്ചുകൊണ്ട് വികസനത്തിനുള്ള ഏക മാർഗം മുതലാളിത്തം തന്നെയാണെന്നും സോഷ്യലിസം ഒരു വിദൂര സ്വപ്നം മാത്രമാണെന്നും മുൻമുഖ്യമന്ത്രി ജ്യോതിബസു പ്രസ്താവിച്ചതോടെ ബുദ്ധദേവിന്റേത് നാക്കുപിഴയല്ലെന്നും മുപ്പതു കൊല്ലത്തെ ബംഗാൾ ഭരണത്തിൽനിന്ന് പഠിച്ച പാഠമാണെന്നും സ്പഷ്ടമായി. ബംഗാൾ നേതാക്കളെ ശരിവെച്ചുകൊണ്ട് പാർട്ടി സെക്രട്ടറി പ്രകാശ് കാരാട്ട് നൽകിയ വിശദീകരണത്തിലും മുതലാളിത്തത്തെ യാഥാർഥ്യമായി അംഗീകരിക്കാതെ തരമില്ലെന്നു പറയുന്നു. ഇന്നത്തെ സാഹചര്യത്തിൽ നേടിയെടുക്കാവുന്നതല്ല സോഷ്യലിസം എന്ന ലക്ഷ്യമെന്നും അദ്ദേഹം തുറന്നടിക്കുന്നു. സി.പി.എം തനിച്ച് അധികാരത്തിലെത്തിയാൽ പോലും സോഷ്യലിസം നടപ്പാക്കാനാവില്ലെന്നാണ് മറ്റൊരു പി.ബി അംഗമായ എസ്. രാമചന്ദ്രൻപിള്ള പറയുന്നത്. ഇനിയും നൂറു വർഷം കഴിഞ്ഞാലും ചൈനയിൽ സോഷ്യലിസം നടപ്പാക്കാനാവില്ലെന്ന് ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ 17-ാം കോൺഗ്രസ് രേഖപ്പെടുത്തിയിട്ടുള്ളതായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. സാധാരണഗതിയിൽ നൂറുവർഷം കഴിഞ്ഞാലും എന്നു പറയാറുള്ളത് കാലാകാലം എന്ന അർഥത്തിലാണ്. ആ അർഥത്തിൽ എടുത്താൽ ഈ ഭൂമിയിൽ ഒരു കാലത്തും നടപ്പാവുന്നതല്ല സോഷ്യലിസം എന്നുതന്നെയാണ് ചൈനീസ് പാർട്ടി കോൺഗ്രസ് പ്രഖ്യാപിക്കുന്നത്.

കമ്യൂണിസം തകരാനിരിക്കുന്ന പ്രത്യയശാസ്ത്രമാണെന്ന് സോവിയറ്റ് യൂനിയൻ ശിഥിലമാകുന്നതിന് അരനൂറ്റാണ്ട് മുമ്പ്, റഷ്യ ഒരു പ്രബല സാമ്രാജ്യശക്തിയായി വിരാജിക്കുന്ന കാലത്തുതന്നെ ഇസ്‌ലാമിക പ്രസ്ഥാനം അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. സമ്പൂർണ സുന്ദര സ്ഥിതി സമത്വ സ്വർഗം നിലവിൽ വരുന്നത് ഇഷ്ടമില്ലാത്തതുകൊണ്ടോ അധ്വാനിക്കുന്നവരുടെയും ഭാരം ചുമക്കുന്നവരുടെയും വിമോചനത്തിൽ താൽപര്യമില്ലാത്തതുകൊണ്ടോ ആയിരുന്നില്ല അത്. അപ്രായോഗികമായ ഒരു ദിവാസ്വപ്നമായതുകൊണ്ടായിരുന്നു. മനുഷ്യ പ്രകൃതിയുടെ യാഥാർഥ്യങ്ങളെ ആ പ്രത്യയശാസ്ത്രം പരിഗണിക്കുന്നില്ല. പ്രകൃതിയുമായി ഏറ്റുമുട്ടുന്ന എന്തിനെയും പ്രകൃതി പരാജയപ്പെടുത്തുകതന്നെ ചെയ്യും. മനുഷ്യ പ്രകൃതിയെ അവഗണിച്ച് ചരിത്രത്തെ ഭൗതികമായി വ്യാഖ്യാനിച്ചുകൊണ്ട്, മാർക്സ് ചരിത്രത്തിനു പ്രയാണം ചെയ്യാൻ വരച്ചുവെച്ച വരയെ മാർക്സിനു ശേഷമുള്ള ചരിത്രം നിരന്തരമായി നിഷേധിക്കുകയായിരുന്നു. ആ നിഷേധത്തിന്റെ പകൽ വെളിച്ചമാണ് ആധുനിക റഷ്യൻ ചരിത്രം. എന്നിട്ടും മർക്കടന്റെയും മിന്നാമിന്നിയുടെയും കഥയെ ഓർമിപ്പിച്ചുകൊണ്ട് മാർക്സിസത്തിന്മേൽ ഊതിക്കൊണ്ടിരിക്കുകയാണ് കമ്യൂണിസ്റ്റ് പാർട്ടികൾ. അതു കത്താനുള്ളതല്ലെന്ന് പറയുന്നവർ പിന്തിരിപ്പൻ മൂരാച്ചികളും മുതലാളിത്തത്തിന്റെ മൂടുതാങ്ങികളുമായി അധിക്ഷേപിക്കപ്പെടുന്നു.

ഇസ്‌ലാമിക വീക്ഷണത്തിൽ മാർക്സ് സിദ്ധാന്തിക്കുന്നതുപോലെ വൈരുധ്യങ്ങളുടെ സംഘട്ടനത്തിലൂടെയല്ല ചരിത്രത്തിന്റെ വികാസം; പ്രത്യുത വൈവിധ്യങ്ങളുടെ-ഇണകളുടെ സഹകരണത്തിലൂടെയാണ്. സംഘട്ടനം പൊതു നിയമമല്ല; അപവാദമാണ്. തൊഴിലാളിയുടെ നാശത്തിലല്ല തൊഴിലുടമയുടെ വിജയം, തൊഴിലുടമയുടെ നാശത്തിലല്ല തൊഴിലാളിയുടെ വിജയം. സഹകരണമാണ് ഇരു കൂട്ടരുടെയും നിലനിൽപും വിജയവും ഉറപ്പുവരുത്തുന്നത്. മൂലധനമില്ലെങ്കിൽ തൊഴിൽ ശക്തി നിഷ്ഫലമാകും. തൊഴിൽ ശക്തിയില്ലെങ്കിൽ മൂലധനവും. രണ്ടും ചേർന്നു പ്രവർത്തിക്കുമ്പോഴേ ഉൽപാദനമുണ്ടാകൂ. തൊഴിലിന്റെയും തൊഴിലുടമയുടെയും മൂലധനത്തിന്റെയും അധ്വാനത്തിന്റെയും ഉൽപാദനത്തിന്റെയും വിതരണത്തിന്റെയും സ്വതന്ത്രവും നീതിപൂർവകവും സഹകരണാത്മകവുമായ വിനിമയ വ്യവസ്ഥയാണ് നിലവിൽ വരേണ്ടത്. അതുവഴിയേ അധ്വാനിക്കുന്നവരും അവശവിഭാഗങ്ങളും വിമോചിതരാകൂ. അതിനു വിഘാതമായി നിൽക്കുന്ന ചൂഷണവും മർദനവും അധിനിവേശവുമാണ് തുടച്ചുനീക്കപ്പെടേണ്ടത്. ഉൽപാദനോപാധികളുടെയും ഉൽപന്നങ്ങളുടെയും സമ്പൂർണ ഉടമസ്ഥത സ്റ്റേറ്റ് സ്വയം ഏറ്റെടുത്തതുകൊണ്ടോ പല മുതലാളിമാർക്കുപകരം എല്ലാവരും സ്റ്റേറ്റ് എന്ന ഒറ്റമുതലാളിയുടെ തൊഴിലാളികളായതുകൊണ്ടോ സംതൃപ്തമായ സമൂഹം സൃഷ്ടിക്കപ്പെടുകയില്ല. എല്ലാ മാനുഷിക കാമനകൾക്കും ആവശ്യങ്ങൾക്കും അർഹിക്കുന്ന പരിഗണന ലഭിക്കുമ്പോഴേ സമൂഹം സംതൃപ്തമാകൂ. അതിന് അപ്പം കൊണ്ടുമാത്രമല്ല മനുഷ്യൻ ജീവിക്കുന്നതെന്ന സത്യം അംഗീകരിച്ചേ തീരൂ. ഇത്തരമൊരു പ്രത്യയശാസ്ത്രമാണ് ആധുനിക ലോകം ആവശ്യപ്പെടുന്നത്. ചൂഷണോപാധികളെ നിർമാർജനം ചെയ്യുകയും എല്ലാ മാനുഷിക വികാരങ്ങളെയും അർഹമായ പരിഗണനയോടെ സമീപിക്കുകയും ചെയ്യുന്ന സമാധാനപരമായ പ്രത്യയശാസ്ത്രം അന്വേഷിക്കുന്നവർക്ക് ഇസ്‌ലാമിൽ അതു കണ്ടെത്താനാകും.

കമ്യൂണിസത്തിന് പ്രത്യയശാസ്ത്രപരമായ നിലനിൽപ് ഇല്ലെങ്കിലും ആസുരമായ ആഗോള മുതലാളിത്ത സാമ്രാജ്യത്വത്തിന്റെ അധിനിവേശങ്ങളെ ചെറുക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന പ്രബല ശക്തിയാണ് കമ്യൂണിസ്റ്റ് പാർട്ടികൾ. അതാണ് ഇക്കാലത്ത് കമ്യൂണിസ്റ്റ് പാർട്ടികളുടെ പ്രസക്തി. സി.പി.എമ്മിന്റെ പുതിയ മാറ്റം സാമ്രാജ്യത്വ വിരുദ്ധ ചേരിയിൽനിന്നുള്ള പിന്മാറ്റത്തിന്റെ തുടക്കമാകുമോ എന്ന് ആശങ്കിക്കേണ്ടിയിരിക്കുന്നു. ആഗോള മുതലാളിത്തത്തിന്റെ മൂലധനത്തിന് കൈനീട്ടിനിൽക്കുന്നവർക്ക് അതിന്റെ അധിനിവേശത്തെ ഫലപ്രദമായി ചെറുക്കാൻ കഴിയുന്നതെങ്ങനെ എന്ന ചോദ്യം ഏറെ പ്രസക്തമാണ്. മുതലാളിത്തത്തിലേക്കുള്ള സി.പി.എമ്മിന്റെ തുറന്ന ചായ്‌വ് മാർക്സിസത്തോട് പ്രതിബദ്ധതയുള്ള പ്രവർത്തകരെ പാർട്ടിയിൽനിന്നകലാനും മാവോയിസ്റ്റ്-നക്സലൈറ്റ് തീവ്രവാദ ഭീകരപ്രവർത്തനങ്ങൾക്ക് ശക്തിപകരാനും പ്രേരിപ്പിക്കില്ലേ എന്ന ആശങ്കയും അസ്ഥാനത്തല്ല. ■